**പത്രക്കുറിപ്പ്**
**15-3-2017**

## കുടുംബശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകളുടെ ഗ്രേഡിങ്ങ് പൂർത്തിയായി

തിരുവനന്തപുരം: സംസ്ഥാനത്തെ കുടുംബശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകളുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്നതോടൊപ്പം ന്യൂട്രിമിക്സ് ഉൽപാദനവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ ഗ്രേഡിംഗ് പൂർത്തിയായി. ഇതുപ്രകാരം സംസ്ഥാനത്തെ 241 യൂണിറ്റുകളിൽ 216 എണ്ണത്തിനും 'എ' ഗ്രേഡ് ലഭിച്ചു. ഇരുപത് യൂണിറ്റുകൾക്ക് ബി ഗ്രേഡും ലഭിച്ചു.

യൂണിറ്റുകൾ തമ്മിൽ ആരോഗ്യകരമായ മത്സരം വളർത്തുന്നതിനും സ്വയംതൊഴിൽ സംരംഭം എന്ന നിലയ്ക്ക് കൂടുതൽ പ്രഫഷണലിസം കൈവരുത്തുന്നതിനുമായാണ് ഗ്രേഡിങ്ങ് സംവിധാനം ഏർപ്പെടുത്തിയത്. അടിസ്ഥാന സൗകര്യം, പരിസരശുചിത്വം, യൂണിറ്റിനുള്ളിലെ ശുചിത്വം, യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രങ്ങളും അവയുടെ ശുചിത്വവും, ഇലക്ട്രിഫിക്കേഷൻ, വ്യക്തിശുചിത്വം, രേഖകളും രജിസ്റ്ററുകളും, നിയമപരമായ രേഖകളും നടപടികളും, മൂല്യവർദ്ധനവ്, പ്രവർത്തന മികവ്, സംഘബോധം എന്നിവയാണ് ഗ്രേഡിങ്ങിനായി നിഷ്കർഷിച്ചിരുന്ന സുപ്രധാന മാനദണ്ഡങ്ങൾ.

കുടുംബശ്രീയിലെയും സാമൂഹ്യനീതി വകുപ്പിലെയും ഭക്ഷ്യസുരക്ഷാ വകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്തമായി നടത്തിയ റേറ്റിങ്ങ് നടപടികളിൽ യൂണിറ്റുകൾ വാങ്ങുന്ന ഗോതമ്പിന്റെ അളവും ഉൽപാദിപ്പിക്കുന്ന ന്യൂട്രിമിക്സിന്റെ അളവും തമ്മിലുള്ള അനുപാതവും കൃത്യമായി പരിശോധിച്ചിരുന്നു. റണ്ണിംഗ് ലൈസൻസ്, പാക്കിംഗ് ലൈസൻസ്, എഫ്.എസ്.എസ്.എ.ഐ.രജിസ്ട്രേഷൻ, ടാക്സ് രജിസ്ട്രേഷൻ, ഉൽപന്നത്തിലുള്ള നിയമപരമായ അറിയിപ്പുകൾ, എല്ലാ അംഗങ്ങൾക്കും ഹെൽത്ത് കാർഡ് തുടങ്ങിയ നിയമപരമായ രേഖകൾ, കൂടാതെ റോസ്റ്റർ, ബ്ളൻഡർ, സിഫ്റ്റർ, പൾവറൈസർ,ബാച്ച് കോഡിംഗ് മെഷീൻ തുടങ്ങി ന്യൂട്രിമിക്സ് നിർമാണത്തിനാവശ്യമായ യന്ത്രങ്ങളും അവയുടെ സമ്പൂർണ ശുചിത്വവും ഉൾപ്പെടെയുള്ള വിവിധ ഘടകങ്ങളും റേറ്റിംഗിൽ കർശനമായി വിലയിരുത്തി. ഇതിൽ എല്ലാവിധ മാനദണ്ഡങ്ങളും പാലിച്ച യൂണിറ്റുകൾക്കു മാത്രമാണ് 'എ'ഗ്രേഡ് നൽകിയിട്ടുള്ളത്. മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമിച്ച് വിപണനം ചെയ്യുന്നതിനും ഈ യൂണിറ്റുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

കഴിഞ്ഞ ജനുവരിയിൽ നടത്തിയ ആദ്യഘട്ട റേറ്റിംഗിൽ 'ബി' 'സി' ഗ്രേഡുകൾ ലഭിക്കുന്ന യൂണിറ്റുകൾക്ക് മികച്ച രീതിയിൽ മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കുന്നതു വഴി 'എ' ഗ്രേഡ് ലഭിക്കുന്നതിന് അവസരം നൽകിയിരുന്നു. തുടർന്ന് ഫെബ്രുവരി മാർച്ച് മാസങ്ങളിൽ കൂടി സമയം നൽകി. യൂണിറ്റുകൾക്ക് 'എ' ഗ്രേഡ് നേടുന്നതിനായി ടെക്നോളജി ഫണ്ട്, തൊഴിൽ വൈദഗ്ധ്യ പരിശീലനം, സാമ്പത്തിക സഹായം എന്നിവ ഉൾപ്പെടെയുള്ള പിന്തുണയും കുടുംബശ്രീ നൽകിയിരുന്നു.

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ് ) പ്രകാരം കേരള സർക്കാരിനു കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീനം നേടിയ അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. ഗോതമ്പ്, സോയ, പഞ്ചസാര, കപ്പലണ്ടി, കടലപ്പരിപ്പ്, എന്നിവ ചേർത്ത ഭക്ഷ്യമിശ്രിതം വികസിപ്പിച്ചെടുത്തത് കാസർകോട് സെന്റർ പ്ളാന്റേഷൻ ഫോർ ക്രോപ്സ് റിസർച്ച്

ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിലാണ്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് നൽകുന്നത് പഞ്ചായത്താണ്. ആറു മാസം മുതൽ മൂന്നു മാസം വരെയുള്ള കുട്ടികളിൽ തന്നെ വിവിധ പ്രായം തിരിച്ച് ഓരോ പ്രായത്തിലും ആവശ്യമായ പോഷകമൂല്യം എത്രയാണെന്നു കണ്ടെത്തുന്നതിനായി സമഗ്രവും ആധികാരികവുമായ ഒരു ശാസ്ത്രീയ പഠനം നടത്തുന്നതിന്റെ ഭാഗമായി വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ നേതൃത്വത്തിൽ നിലവിലെ ന്യൂട്രിമിക്സിൽ ഫോർട്ടിഫിക്കേഷൻ നടത്തുന്ന കാര്യങ്ങളും പൂർത്തിയാക്കിയിരുന്നു.

മാംസ്യം, കൊഴുപ്പ്, അന്നജം, കാൽസ്യം, ഇരുമ്പ്, കരോട്ടിൻ, തയാമിൻ, റൈബോഫ്ളേവിൻ, നിയാസിൻ തുടങ്ങിയ വിവിധ പോഷകങ്ങൾ അമൃതം ന്യൂട്രിമിക്സിൽ അടങ്ങിയിട്ടുണ്ട്. കുട്ടികളുടെ വളർച്ചയുടെ പ്രായത്തിൽ അവർക്ക് ഊർജം കൂടുതൽ നൽകുന്ന ഭക്ഷണങ്ങളും അന്നജവും ധാരാളം ആവശ്യമാണ്. കടലപ്പരിപ്പ്, വറുത്ത കപ്പലണ്ടി, സോയാപൊടി, പഞ്ചസാര എന്നിവ കുട്ടികൾക്ക് ഊർജം നൽകുന്നതോടൊപ്പം ഊർജം കുറഞ്ഞാലുണ്ടാകുന്ന ക്വാഷിയോർക്കർ (Kwashiorkor) എന്ന രോഗത്തിൽ നിന്നും, മാംസ്യം കുറഞ്ഞാലുണ്ടാകുന്ന മരാസ്മസ് എന്ന രോഗത്തിൽ നിന്നും പ്രതിരോധിക്കുകയും ചെയ്യുന്നു. കടലപ്പരിപ്പ്, കപ്പലണ്ടി, കൊഴുപ്പ് കളഞ്ഞ സോയാപൊടി എന്നിവ എല്ലിന്റെയും പേശികളുടെയും ശക്തി വർധിപ്പിക്കുന്നതിനാവശ്യമായ മാംസ്യവും കാൽസ്യവും നൽകുക മാത്രമല്ല, ശരീരത്തിന്റെ പ്രതിരോധ ശക്തി വർധിപ്പിക്കുന്നതിനാവശ്യമായ ആറ് വിവിധ പ്രതിരോധ-പോഷകങ്ങളും അമൃതം ന്യൂട്രിമിക്സിൽ അടങ്ങിയിട്ടുണ്ട്. മസ്തിഷ്കത്തിന്റെ വളർച്ച, പ്രവർത്തനക്ഷകമത എന്നിവയ്ക്കും ഹൃദയം, കണ്ണുകൾ എന്നിവയുടെ പരിരക്ഷണത്തിനും നാഡീവ്യവസ്ഥ യുടെ ആരോഗ്യത്തിനും ആവശ്യമായ പോഷകങ്ങളും അമൃതം ന്യൂട്രിമിക്സിൽ അടങ്ങിയിട്ടുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**